# യേശുവിന്റെ കഷ്ടാനുഭവം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ലോകം മുഴുവനുമുള്ള നാനാ ജാതിമതസ്ഥരും പ്രലപിക്കുന്ന ഒന്നാണ് യേശുക്രിസ്തുവിന്റെ ക്രൂശുമരണം. അതിന്റെ പൂർണ്ണ രൂപം അറിയാതെ തന്നെ ആ ചിത്രത്തിൽ നോക്കി പ്രലപിക്കാത്ത ഏതെങ്കിലും മനുഷ്യൻ ഈ ഭൂമിയിൽ കാണുകയില്ല.

അപ്പസ്തോലനായ പൗലോസ് പറയുന്നത്: യേശുവിനെ ക്രിസ്തു (ദൈവം) എന്ന് വായ് കൊണ്ട് പറയുകയും, വിശ്വസിക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്നാണ്. അങ്ങിനെയുള്ളവരെയാണ് ലോകം മുഴുവനും ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടുന്നത്.

**അവൻ** ഭൂമിയിൽ വന്നത് ക്രൂശുമരണത്തിനായിട്ടെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ഇത്രയും പീഢകൾ അനുഭവിക്കേണ്ടതുണ്ടോ? ക്രിസ്തു ഭൂമിയിൽ ജനിക്കുന്നതിന് വളരെയധികം വർഷങ്ങൾക്കു മുമ്പ് ഇതെല്ലാം പ്രവചിച്ചതാണ്. പരിശുദ്ധ വേദപുസ്തക ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ, ഈ പ്രവചനം മുഴുവനും **അവന്റെ** ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കം വെരെ സംഭവിച്ചു എന്നു കാണാം. ഓരോന്നും സംഭവിക്കേണ്ട ഓരോ സമയത്തു തന്നെ സംഭവിച്ചു.

മുപ്പത്തി മൂന്നര വർഷങ്ങളേ **അവൻ** ഭൂമിയിൽ ജീവിച്ചിരുന്നുള്ളു എങ്കിലും, മുപ്പതിനായിരത്തിലധികം വർഷങ്ങൾ കൊണ്ടു തീർക്കേണ്ടതിലധികം കാര്യങ്ങൾ ചെയ്തു തീർത്തു. ലോകത്ത് ഇന്നു വെരെ ജീവിച്ചിരുന്നവർ ചെയ്തു തിക്കാവുന്നതിലും വളരെയധികം കാര്യങ്ങൾ ചെയ്തു തീർത്തു.

ഈ ലേഖകനും, ദൈവകൃപയാൽ, വിശുദ്ധ നാടുകൾ സന്ദർശിക്കാൻ ഭാഗ്യം കിട്ടി. ക്രൂശുമരണം സംഭവിച്ചതിന്റെ തലേ രാത്രി, പ്രാർത്ഥിക്കാൻ പോയപ്പോൾ, തന്റെ ശിഷ്യന്മാർ ഗാഢ നിദ്രയിലായിരുന്നപ്പോൾ തീർച്ചയായും ആ കാടുകളിൽ കൂടെ ഓടി ഒളിച്ച് രക്ഷപെടാമായിരുന്നു. സാധാരണ ഭൂമിയിൽ ജനിച്ച, ഏതൊരു വ്യക്തിയും ചെയ്യുന്ന കാര്യമാണിത്. എന്നാൽ അതല്ലായിരുന്നു **തന്റെ** ലക്ഷ്യം.

ദൈവം ഒരിക്കലും ദൈവത്തോടു പ്രാർത്ഥിക്കുകയില്ല. സാധാരണ ഒരു മനുഷ്യനും മനസ്സിലാക്കാൻ വളരെ പ്രയാസം ഉള്ള ഒന്നാണിത്. ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യനും, നാളെ ഒരു ദുഃഖവെള്ളിയുണ്ട്; ഒരു കുരിശു പീഢനവും ഉണ്ട്. അതിൽ നിന്ന് ഓടി ഒളിക്കാതെ, അതിനെ നേരിട്ട് വിജയം കൈവരിക്കാനായാണ് നമ്മൾ എപ്പോഴും പ്രാർത്ഥിച്ചു കൊണ്ട്, തയാറെടുക്കണമെന്നാണ് ഇതിലൂടെ കാണിച്ചിരിക്കുന്നത്.

വിശുദ്ധ വേദപുസ്തകത്തിലെ ഓരോ വാക്കും വരികളും, അക്ഷരാർത്ഥത്തിൽ മനസ്സിലാക്കാതെയിരിക്കണം. മോശയും ഏലിയായും നാല്പതു ദിവസം നോമ്പു നോറ്റു. എന്നാൽ യേശു ക്രിസ്തു നാല്പതു ദിവസം നോമ്പു നോക്കി, ഉപവസിച്ച്, ഈ ഭൂമിയിലെ മനുഷ്യരെ കാണിച്ചു തന്നു: നിങ്ങളും ഇതു പോലെ ചെയ്ത് പിശാചിനെ പരാജയപ്പെടുത്തുക എന്ന്. അല്ലാതെ ദൈവം ഒരിക്കലും നോമ്പും ഉപവാസവും ചെയ്യേണ്ട ആവശ്യകത ഇല്ല.

നമ്മുടെ മുൻപിൽ വരുന്ന എത്ര കഠിനതരമായ കാര്യങ്ങളേയും അഭിമുഖീകരിച്ച് വിജയം കണ്ടെത്തുക; അല്ലാതെ ഒളിച്ചോടുകയല്ല വേണ്ടതെന്നാണ് നമ്മളെ പഠിപ്പിച്ചത്. അങ്ങിനെ വിജയിക്കണമെങ്കിൽ നമ്മൾ എപ്പോഴും പ്രാർത്ഥനയിലും ഉപവാസത്തിലും ജാഗരൂകരായിരിക്കേണ്ടതാണ്. ക്രൂശുമരണത്തേയും, ആ പീഢാനുഭവങ്ങളേയും ഉപരിയായി യാതൊന്നും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഓരോരുത്തർക്കും ഒരിക്കലം നേരിടേണ്ടി വരികയില്ലല്ലോ; അമേരിക്കയിലല്ല; ലോകത്തിന്റെ ഏതു ഭാഗത്താണെങ്കിലും.

**അവൻ** അനുഭവിച്ച പീഢാനുഭവങ്ങൾ എന്തെല്ലാമാണ്:

**അവൻ** ചുമന്ന കുരിശിന്റെ ഭാരം 150 കിലോഗ്രാം ആയിരുന്നു. ആ കുരിശിന്റെ ഉയരം 15 അടി. (സാധാരണ ഒരു മനുഷ്യന്റെ ഉയരം എത്രയാണെന്ന് നമ്മൾക്കറിയാം)

ആ കുരിശിന്റെ കുറുകെയുള്ള തടിയുടെ വലിപ്പം 8 അടി.

**അവനെ** കുരിശിൽ തറയ്ക്കാനുപയോഗിച്ച ഓരോ ആണികളുടേയും നീളം 8 ഇഞ്ചും ചുറ്റളവ് ¾ ഇഞ്ചുമായിരുന്നു. കൂടാതെ ഈ ആണികൾക്ക് മുനയില്ലായിരുന്നു. മുനയുള്ള ആണികൾ തറയ്ക്കുന്നതിനേക്കാൾ അതി ഭയങ്കരമായ വേദന **അവൻ** സഹിക്കേണ്ടി വന്നു.

ഗാഗുൽത്തായിലേക്കുള്ള ദുർഘടം പിടിച്ചതും ക്ലേശകരവുമായ കുരിശു യാത്രയിൽ, **അവന്റെ** ശരീരത്തിന്റെ ഏകദേശം ഇരട്ടി ഭാരമുള്ള കുരിശുമായി **അവൻ** മൂന്നു പ്രാവശ്യം കമഴ്ന്നു വീണു.

റോമൻ പടയാളികളാലും, യഹൂദപ്രമാണിമാരാലും ബന്ധനസ്ഥനാക്കപ്പെട്ടു ക്രൂരമായ് മർദിക്കപ്പെട്ട് ജഢീകമായും മാനസീകമായും പീഢിപ്പിക്കപ്പെട്ട് അതിക്ലേശകരമായ ഏകദേശം 17 മണിക്കൂറുകൾ ദാഹാർത്തനായ **അവന്** ജലപാനം പോലും നിഷേധിക്കപ്പെട്ടു.

5480 മുറിവുകളാണ്, അതികഠിനമായ മർദനവും ചാട്ടവാറടിയും മൂലം **അവന്റെ** ശരീരത്തിൽ ഉണ്ടായത്. ഒരു മനുഷ്യ വ്യക്തിക്കും ഒരിക്കലും സങ്കല്പിക്കാൻ പോലുമാവാത്തത്ര മുറിവുകൾ!

**അവന്റെ** മുതുകത്ത് അസ്ഥികളോളം ആഴത്തിലിറങ്ങിയ 150 മുറിവുകൾ ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ശിരസിൽ അടിച്ചിറക്കിയ കട്ടിയുള്ള മുള്ളുകൾ നിറഞ്ഞ മുൾക്കിരീടത്തിലെ 17 മുള്ളുകളാണ് തലയോട്ടിയേയും ഭേദിച്ച് ശിരസിൽ ആഴ്ന്നിറങ്ങിയത്.

ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഓരോ വ്യക്തിയും ഇതറിഞ്ഞിരിക്കേണ്ടതാണ്. ഇതിലും വലുതായി യാതൊന്നും തന്നെ യാതൊരുത്തർക്കും ഒരിക്കലും സംഭവിക്കത്തില്ലല്ലോ. അപ്പോൾ നമ്മുടെ ഓരോരുത്തരുടേയും മുമ്പിൽ നാളെയുണ്ടാകാൻ പോകുന്ന കഷ്ടതകളെ നേരിട്ട് വിജയം വരിക്കേണ്ടതാണ്. അല്ലാതെ ഈ ജീവിതം ദുഷ്ക്കരമെന്നു പറഞ്ഞ് ഓടി പോകുകയോ, ഒളിച്ചോടാൻ ശ്രമിക്കുകയോ അരുത്.

പുരുഷൻ എന്നാൽ പൗരുഷ്യം ഉള്ളവൻ എന്നാൽ, നമ്മുടെ ജീവിതത്തിന്റെ മുൻപിൽ ഉണ്ടാകുന്ന എല്ലാവിധ പ്രയാസങ്ങളേയും അഭിമുഖീകരിക്കുന്നവൻ എന്നാണർത്ഥം.

## എല്ലാവർക്കും എല്ലാ വിധ നന്മകളും ഉണ്ടാകട്ടെ.

## Happy Easter to each and every one. May Our God Bless.